**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **04-03-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക ഭദ്രത സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി നിതി ആയോഗ് പ്രസിദ്ധീകരിച്ച പ്രഥമ സാമ്പത്തിക ഭദ്രത സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ നിരയിൽ കേരളം പതിനഞ്ചാമതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നീതി ആയോഗ് 2025-26 ൽ പുറപ്പെടുവിച്ച 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ 5 സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.<br><br>ടി റിപ്പോർട്ടിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതിയും സൂചിപ്പിക്കുന്നുണ്ട്.<br><br>1) ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.<br><br>2)റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാന വളർച്ച കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ച നിരക്കായ (CAGR) 7.31 ശതമാനത്തേക്കാൾ ഉയർന്ന് നിൽക്കുന്നതാണ്.<br><br>3)റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്.<br><br>4)റവന്യൂ കമ്മി 3.3 ശതമാനത്തിൽ നിന്നും 0.9 ശതമാനമായും ധനക്കമ്മി 5 ശതമാനത്തിൽ നിന്ന് 2.5 ശതമാനമായും റിപ്പോർട്ട് കാലയളവിൽ കുറഞ്ഞിട്ടുണ്ട്.<br><br>ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. 2016-17 ലെ നോട്ട് നിരോധനം, 2017-18 ലെ ജി.എസ്.ടി നടപ്പിലാക്കിയതിലെ പ്രശ്നങ്ങൾ, 2018-19 ലെ ഓഖി ചുഴലിക്കാറ്റും, അത്യപൂർവ്വമായ വെള്ളപ്പൊക്കവും, |

2019-20 ലെ പ്രകൃതി ക്ഷോഭങ്ങളും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21 ലെ കൊവിഡ്-19 മഹാമാരിയുടെ പൊട്ടിപ്പുറപ്പെടൽ, 2021-22 ലെ കൊവിഡ് മഹാമാരിയുടെ വ്യാപനവും, പ്രത്യാഘാതങ്ങളും 2022-23 ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടു വന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പത്ത് വ്യവസ്ഥയിൽ പ്രതിഫലിച്ച തളർച്ച എന്നിവ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ-വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന

| | | | |
|---|---|---|---|
| | | | സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനാവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായി രിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. |
| (ബി) | ഏതൊക്കെ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത സൂചിക തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത സൂചികയിൽ കേരളത്തെക്കുറിച്ചുള്ള പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | നീതി ആയോഗ് 2025-26 ൽ പുറപ്പെടുവിച്ച 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ 5 സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.<br><br>ടി റിപ്പോർട്ടിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതിയും സൂചിപ്പിക്കുന്നുണ്ട്.<br><br>1) ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.<br><br>2)റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാന വളർച്ച കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ച നിരക്കായ (CAGR) 7.31 ശതമാനത്തേക്കാൾ ഉയർന്ന് നിൽക്കുന്നതാണ്.<br><br>3)റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്.<br><br>4)റവന്യൂ കമ്മി 3.3 ശതമാനത്തിൽ നിന്നും 0.9 ശതമാനമായും ധനക്കമ്മി 5 ശതമാനത്തിൽ നിന്ന് |

2.5 ശതമാനമായും റിപ്പോർട്ട് കാലയളവിൽ കുറഞ്ഞിട്ടുണ്ട്.

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. 2016-17 ലെ നോട്ട് നിരോധനം, 2017-18 ലെ ജി.എസ്.ടി നടപ്പിലാക്കിയതിലെ പ്രശ്നങ്ങൾ, 2018-19 ലെ ഓഖി ചുഴലിക്കാറ്റും, അത്യപൂർവ്വമായ വെള്ളപ്പൊക്കവും, 2019-20 ലെ പ്രകൃതി ക്ഷോഭങ്ങളും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21 ലെ കൊവിഡ്-19 മഹാമാരിയുടെ പൊട്ടിപ്പുറപ്പെടൽ, 2021-22 ലെ കൊവിഡ് മഹാമാരിയുടെ വ്യാപനവും, പ്രത്യാഘാതങ്ങളും 2022-23 ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടു വന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പത്ത് വ്യവസ്ഥയിൽ പ്രതിഫലിച്ച തളർച്ച എന്നിവ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ-വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024 ൽ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള സ്ത്രീകളും

| | | | |
|---|---|---|---|
| | | | പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനാവുമായി താരതമ്യം ചെയ്യുമ്പോൾ ജിസ്ഡിപി 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർദ്ധന (ജിഎസ്വിഎ) 2023-24 ൽ 7.2 ശതമാനമായി വർദ്ധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായി രിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. |

സെക്ഷൻ ഓഫീസർ